**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2183** **04.11.2019**- ൽ മറുപടിയ്ക്ക്

**വനിതാ വികസന കോർപ്പറേഷൻ**

ചോദ്യം
ശ്രീ.പി.സി.ജോർജ്

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ ഏതൊക്കെ സർക്കാർ അന്വേഷണ ഏജൻസികൾ പരിശോധനകൾ നടത്തിയിട്ടുണ്ടെന്നറിയിക്കാമോ; വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ധനകാര്യ പരിശോധന വിഭാഗം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നീ ഏജൻസികൾ പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണ ഏജൻസികൾ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സുരക്ഷ@സ്കൂൾ, ഷീ ഒപ്റ്റിക്കൽസ്, സന്ദേശ് വൺ, കുടിവെള്ള ശുദ്ധീകരണം തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കോർപ്പറേഷൻ പുതിയതായി നടപ്പിലാക്കിയ എന്തെങ്കിലും പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത കോർപ്പറേഷൻ ആരംഭിച്ച ഏതൊക്കെ പദ്ധതികൾ നിർത്തലാക്കി; എങ്കിൽ നിർത്തലാക്കാനുള്ള സാഹചര്യം വിശദമാക്കാമോ? | (ഡി) | ഷീ ഒപ്റ്റിക്കൽസ്, സന്ദേശ് വൺ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നില്ല.<br>PPP മോഡലിൽ ആവിഷ്കരിക്കപ്പെട്ട ഈ രണ്ട് പദ്ധതികളെക്കുറിച്ച് നിരവധി |

| | | | |
|---|---|---|---|
| | | | പരാതികൾ ലഭിച്ചിരുന്നു. പ്രാഥമിക പരിശോധനയിൽ സ്വകാര്യ ഏജൻസികളുമായി ഏർപ്പെട്ടിരിക്കുന്ന കരാറുകളിൽ നിരവധി അപാകതകൾ കണ്ടെത്തി. പ്രധാനമായും പൊതുമേഖലാ സ്ഥാപനമായ കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യത്തിനോട് വിരുദ്ധമായ കരാറുകളാണ് ഇവയെന്ന് കണ്ടെത്തിയിരുന്നു. ഈ പദ്ധതികൾ പ്രകാരം സംരംഭകത്വ വായ്പ സ്വീകരിച്ച വനിതകൾ ഭീമമായ തുകയ്ക്ക് കടക്കാരായി എന്നതിനപ്പുറം അവരുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനോ ഉപജീവനമാർഗ്ഗം നൽകുന്നതിനോ പ്രാപ്തമായ രീതിയിൽ ആയിരുന്നില്ല പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്.<br>കൂടാതെ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് ഏകദേശം 2 കോടിയോളം രൂപ (മുതൽ ഇനത്തിൽ മാത്രമായി) തിരിച്ചു കിട്ടാൻ പ്രയാസമായ രീതിയിൽ പുറത്തേക്ക് പോകുന്നതിനും ടി പദ്ധതികൾ ഇടയാക്കിയിട്ടുണ്ട്. നിരവധി പരാതികൾ ലഭിച്ചിരുന്നത് കൂടാതെ പത്ര മാധ്യമങ്ങളിലൂടെ ആരോപണങ്ങളും ഉന്നയിക്കപ്പെട്ടിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് നിർത്തിവെച്ചു. |

**സെക്ഷൻ ഓഫീസർ**